# കേരള സർവകലാശാല

നം. പി.ആർ.194/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ പൊളിറ്റിക്കൽ സയൻസ്: സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ എം.എ പൊളിറ്റിക്കൽ സയൻസിന് (2017-19 ബാച്ച്) പട്ടിക വർഗം (എസ്.ടി) വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ രണ്ട് ശനി രാവിലെ 10 മണിക്ക് കാര്യ വട്ടം പൊളിറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം.

### എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേർസ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ്) (2017-19 ബാച്ച്) പ്രവേശനത്തിനായി എസ്.സി/എസ്.ടി വിഭാഗത്തിന് (2 സീറ്റ്) സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ളവർ അപേക്ഷാ ഫോമും (അപേക്ഷാ ഫീസ് - 500 രൂപ) സർട്ടി ഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ രണ്ട് രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈ റ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യോഗ രജിസ്ട്രേഷൻ

കേരള സർവകലാശാല കായിക പഠനവകുപ്പ് യൂണിവേഴ്സിറ്റി സ്റ്റേഡിയ ത്തിലെ ജി.വി. രാജ പവിലിയനിൽ പൊതു ജനങ്ങൾക്കായി സംഘടിപ്പിച്ചു വരുന്ന പ്രതിമാസ യോഗ പരിശീലന പരിപാടിയുടെ സെപ്റ്റംബർ മാസത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷകൾ കായിക പഠന വകുപ്പ് ഓഫീസിൽ ലഭിക്കും. വിശദവിവരങ്ങൾക്ക് ഫോൺ: 8921507832/0471 2306485

### അപേക്ഷിക്കാനുള്ള തീയതി നീട്ടി

കേരള സർവകലാശാല ജൂലൈ 15-ന് ഫലം പ്രസിദ്ധീകരിച്ച പാർട്ട് മൂന്ന് ബി.കോം ആന്വൽ സ്കീം പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂ ല്യനിർണ്ണയത്തിനും അപേക്ഷിക്കാനുള്ള തീയതി സെപ്റ്റംബർ 20 വരെ നീട്ടി.

### ബി.സി.എ പ്രായോഗിക പരീക്ഷകൾ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ കോഴ്സിന്റെ നാലാം സെമസ്റ്റർ പ്രായോഗിക പരീക്ഷകൾ സെപ്റ്റംബർ 13-നും രണ്ടാം സെമസ്റ്റർ പ്രായോഗിക പരീക്ഷകൾ സെപ്റ്റംബർ 20-നും തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
30.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**